സ.ഉ.(സാധാ) നം.3075/2022/LSGD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ ദേശീയപാതയോരങ്ങളിൽ നിന്നും അനധികൃത ബോർഡുകൾ, ബാനറുകൾ, കൊടിതോരണങ്ങൾ എന്നിവ നീക്കം ചെയ്യുന്നത് - ബഹു. ഹൈക്കോടതി നിർദ്ദേശ പ്രകാരം പ്രാദേശീക-ജില്ലാതല കമ്മറ്റികൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.3075/2022/LSGD തീയതി,തിരുവനന്തപുരം, 12-12-2022

---

പരാമർശം:- 1. WP(C) No. 22750/2022 നമ്പർ കേസിലെ ബഹു. ഹൈക്കോടതിയുടെ 19/10/2022 ലെ ഇടക്കാല ഉത്തരവ്.

**<u>ഉത്തരവ്</u>**

പരാമർശം (1) ബഹു. ഹൈക്കോടതിയുടെ ഉത്തരവിലെ നിർദ്ദേശം ഉൾക്കൊണ്ടുകൊണ്ട് സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികളെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്ത് ദേശീയപാതയോരങ്ങളിൽ അനധികൃത ബോർഡുകൾ, കൊടിതോരണങ്ങൾ, ബാനറുകൾ തുടങ്ങിയവ നിയന്ത്രിക്കുന്നതിനും നീക്കം ചെയ്യുന്നതിനുമായി ചുവടെ ചേർത്തിരിക്കുന്ന പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപന തല കമ്മിറ്റിയും ജില്ലാ മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ച് ഉത്തരവാകുന്നു.

(എ) ചുവടെ ചേർക്കുന്ന അംഗങ്ങളെ ഉൾപ്പെടുത്തി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്.

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷ/ൻ
2. സ്ഥാപനാധികാരപരിധിയിലെ പോലീസ് സ്റ്റേഷനിലെ / സ്റ്റേഷനുകളിലെ സ്റ്റേഷൻ ഹൗസ് ഓഫീസർ.
3. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ പ്രാദേശിക അധികാരപരിധിയിലെ യോഗ്യനായ ഉദ്യോഗസ്ഥ/ൻ.
4. പൊതുമരാമത്ത് വകുപ്പിലെ അധികാരപരിധിയിലെ യോഗ്യനായ എഞ്ചിനീയർ.
5. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി (കൺവീനർ)

(ബി) ചുവടെ ചേർക്കുന്ന അംഗങ്ങളെ ഉൾപ്പെടുത്തി എല്ലാ ജില്ലാതലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്.

1. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്
2. പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ.

സ.ഉ.(സാധാ) നം.3075/2022/LSGD

3. ജില്ലാ പോലീസ് മേധാവി / ജില്ലാ പോലീസ് ഉപമേധാവി
4. NHAI-യുടെ പ്രോജക്ട് ഡയറക്ടർ / യോഗ്യതയുള്ള തത്തുല്യ അതോറിറ്റി.
5. ജില്ലാ തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ (കൺവീനർ)

തദ്ദേശ സ്വയംഭരണ സ്ഥാപന തല സമിതി രണ്ടാഴ്ചയിലൊരിക്കൽ അവരുടെ കീഴിലുള്ള പ്രദേശങ്ങൾ സ്ഥല പരിശോധന നടത്തേണ്ടതും നിയമവിരുദ്ധമായ എല്ലാ ബോർഡുകളും കൊടികളും ബാനറുകളും മറ്റും നീക്കം ചെയ്യേണ്ടതും അവ സ്ഥാപിച്ച വ്യക്തികൾക്ക്/ സ്ഥാപനങ്ങൾക്ക് തന്നെ മടക്കി നൽകി ആയവ സ്ഥാപിച്ച വ്യക്തികകളുടെ/സ്ഥാപനഉടമകളുടെ പേരിൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യേണ്ടതും പ്രോസിക്യൂഷനും മറ്റ് നടപടികളും ആരംഭിച്ചുവെന്ന് ഉറപ്പാക്കേണ്ടതുമാണ്.

പുതിയ ബോർഡുകളും കൊടികളും മറ്റും സ്ഥാപിക്കുന്നില്ലെന്നും അങ്ങനെ ചെയ്യുന്ന എല്ലാവരെയും നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നുണ്ടെന്നും കമ്മിറ്റികൾ ഉറപ്പുവരുത്തേണ്ടതാണ്.

കൂടാതെ, ബഹു. ഹൈക്കോടതിയുടെ മുൻ ഉത്തരവുകൾ ലംഘിച്ച്, ബോർഡുകൾ ബാനറുകൾ, പതാകകൾ, തുടങ്ങിയവ സ്ഥാപിക്കുന്ന പരസ്യ ഏജൻസികളുടെയും സ്ഥാപനങ്ങളുടെയും ലൈസൻസ് ഉടനടി റദ്ദാക്കുന്നതിന് നോട്ടീസ് നൽകേണ്ടതും ആവശ്യമായ മറ്റ് നടപടികൾ സ്വീകരിക്കേണ്ടുന്നതുമാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലുള്ള കമ്മിറ്റികളുടെ പ്രവർത്തനം അതിന്റെ സെക്രട്ടറിമാരുടെ ഉത്തരവാദിത്തമായിരിക്കുന്നതാണ്. അതിൽ എന്തെങ്കിലും പോരായ്മ കണ്ടെത്തിയാൽ ആയത് തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്റെ അറിവോടെ ജില്ലാ മോണിറ്ററിംഗ് കമ്മിറ്റിയെ അറിയിക്കാൻ സെക്രട്ടറിക്ക് ചുമതലയുണ്ട്.

ജില്ലാ മോണിറ്ററിംഗ് കമ്മിറ്റികൾ , തദ്ദേശ സ്വയംഭരണ സ്ഥാപന തല സമിതികളുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കേണ്ടതും ബഹു. ഹൈക്കോടതി നിർദ്ദേശിച്ച ചുമതലകളിൽ വീഴ്ച വരുത്തുന്നതായി കണ്ടെത്തിയ ഏതെങ്കിലും അധികാരികൾക്കെതിരെ നിയമപ്രകാരം ശിപാർശകൾ നൽകിക്കൊണ്ട് ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

അതത് തദ്ദേശ സ്വയംഭരണ സ്ഥാപന കമ്മിറ്റികളുടെ വീഴ്ചകൾക്ക് ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികളും ഉത്തരവാദികളാണ്. ആയത് മോണിറ്ററിംഗ് കമ്മിറ്റി മുമ്പാകെ ശരിയായ രീതിയിൽ വിശദീകരിക്കാൻ കഴിയുന്നില്ലെങ്കിൽ അത്തരം പ്രവർത്തനങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ ഉത്തരവാദിയായിരിക്കുന്നതാണ്.

ദേശീയ പാതകളെ സംബന്ധിച്ചിടത്തോളം, മറ്റേതെങ്കിലും ബോർഡ് അല്ലെങ്കിൽ പരസ്യം സ്ഥാപിക്കുന്നതിന് മുമ്പ്, 2002 ലെ ദേശീയ പാതകളുടെ നിയന്ത്രണ (ലാൻഡ് ആൻഡ് ട്രാഫിക് ആക്റ്റ്) വ്യവസ്ഥകൾ പ്രകാരം വ്യക്തികൾ/സ്ഥാപനങ്ങൾ മുൻകൂർ അനുമതിയും ലൈസൻസും നേടിയിരിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ കമ്മിറ്റികളിൽ നാഷണൽ ഹൈവേയുടെ അധികാരികളും ഉൾപ്പെട്ടിരിക്കുന്നതിനാൽ, ദേശീയപാതയോരങ്ങളിൽ നിന്ന് എല്ലാ അനധികൃത ബോർഡുകളും ബാനറുകളും പതാകകളും നീക്കം ചെയ്യാനും ജില്ലാ മോണിറ്ററിംഗ് കമ്മിറ്റിക്ക് ഉചിതമായ രീതിയിൽ റിപ്പോർട്ട് ചെയ്യാനും യുദ്ധകാലാടിസ്ഥാനത്തിൽ നടപടിയെടുക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശാരദ മുരളീധരൻ ഐ എ എസ്

സ.ഉ.(സാധാ) നം.3075/2022/LSGD

അഡീഷണൽ ചീഫ് സെക്രട്ടറി

1. അഡ്വക്കേറ്റ് ജനറൽ, കേരളം.
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. ഡയറക്ടർ, തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ്, തിരുവനന്തപുരം.
4. ഡയറക്ടർ, തദ്ദേശ സ്വയംഭരണ (അർബൻ) വകുപ്പ്, തിരുവനന്തപുരം.
5. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും സെക്രട്ടറിമാർക്ക് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
6. സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം.
7. ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
8. പ്രോജക്ട് എഞ്ചിനീയർ, NHAI, കേരള റീജിയൻ.
9. എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കും . (സംസ്ഥാന പോലീസ് മേധാവി മുഖേന)
10. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.
11. അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.
12. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.
13. ഐ. & പി.ആർ. വെബ് ന്യൂ മീഡിയ.
14. കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (ആർസി1/262/2022/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ